പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4488** — **20.10.2011 ന് മറുപടിക്ക്**

## മലയാള ഭാഷയ്ക്ക് ക്ലാസിക് പദവി

ചോദ്യം — ഉത്തരം

ശ്രീ.കെ.എൻ.എ.ഖാദർ: — ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാള ഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനും മലയാള പഠനം നിർബന്ധമാക്കുന്നതിനും ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കിക്കൊണ്ട് സ.ഉ(പി)നമ്പർ 183/11/പൊ.വി തീയതി 1/9/11 പ്രകാരം ഉത്തരവായിട്ടുണ്ട്.(പകർപ്പ് ഉൾക്കൊള്ളിക്കുന്നു) മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും കേരള സംസ്ക്കാരം പരിചയിക്കുന്നതിനും അവസരം ഒരുക്കുന്നതിലേക്ക് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ കീഴിൽ 'മലയാളം മിഷൻ' എന്ന സ്വയംഭരണ സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | മലയാളം സർവ്വകലാശാല എന്നു മുതൽ പ്രാവർത്തികമാകുമെന്ന് പറയാമോ ? | (ബി) | മലയാളം സർവ്വകലാശാല ആരംഭിക്കുന്നതിന് (മലയാളം ശ്രേഷ്ഠ ഭാഷയാക്കുക എന്നതുൾപ്പെടെ) ബന്ധപ്പെട്ട ഉന്നതതല സമിതി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ രൂപീകൃതമായിട്ടുണ്ട്. സമിതിയിലെ ഉന്നത വ്യക്തികളുമായി നേരിൽ ചർച്ച ചെയ്ത് അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഈ റിപ്പോർട്ട് അംഗങ്ങൾക്ക് വിതരണം ചെയ്തു കൊണ്ട് വിശദമായ ചർച്ചകൾ നടത്തുകയും അഭിപ്രായസമന്വയം ഉണ്ടാക്കി മലയാളം സർവ്വകലാശാലയുടെ രൂപീകരണ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.